(ബി) ഡെപ്യൂട്ടേഷൻ സംബന്ധിച്ച് സർക്കാർ തലത്തിൽ പുനഃപരിശോധന ആവശ്യമായി വന്നതിനാലാണ് കാലതാമസം ഉണ്ടായത്.

(സി) ഡെപ്യൂട്ടേഷൻ അനുവദിക്കപ്പെട്ട ആൾ തുടർന്നും ട്യൂഷൻ ഫീസ് നൽകേണ്ടതില്ല.

കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണം

78 (767) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുക ചെലവഴിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സെന്ററിന്റെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ട് ലഭിച്ചിട്ടില്ല.

(ബി) 9-5-2013-ന് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ചേർന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) തീരുമാനപ്രകാരം കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ പഴയ കെട്ടിടം, ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് നവീകരണ പ്രവൃത്തി നടത്തി ജില്ലാ പഞ്ചായത്തിന്റെ സ്നേഹസ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം 25-8-2014-ന് ആരംഭിക്കുകയും ചെയ്തു. നിലവിൽ ആഴ്ചയിൽ 3 ദിവസം എന്ന തോതിൽ 26 രോഗികൾക്ക് ഡയാലിസിസ് സേവനം നൽകിവരുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ നഴ്സുമാരുടെ ഒഴിവുകൾ

79 (768) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നഴ്സുമാരുടെ എത്ര ഒഴിവുകളാണുള്ളത്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly